# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1429

07-06-2018-ൽ
മറുപടി നൽകേണ്ടത്

## കരുനാഗപ്പള്ളി - തഴവ ഗവ. കോളേജിനു സ്ഥലം

**ചോദ്യം** **ഉത്തരം**

ശ്രീ.ആർ. രാമചന്ദ്രൻ : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കരുനാഗപ്പള്ളി - തഴവ ഗവ.കോളേജിനു വേണ്ടി കിഫ്ബി അനുവദിച്ച തുക ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) ഇല്ല. കരുനാഗപ്പള്ളി-തഴവ ഗവൺമെന്റ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ ചില നിയമ പ്രശ്നങ്ങൾ ഉള്ളതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. |
| ബി) പ്രസ്തുത കോളേജിനു വേണ്ടി പഞ്ചായത്ത് നിർദ്ദേശിച്ചിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;<br><br>സി) സ്ഥലം ഏറ്റെടുക്കുന്നതിനായി റീ-നോട്ടിഫിക്കേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ, വിശദീകരിക്കുമോ? | ബി) & സി) കരുനാഗപ്പള്ളി താലൂക്കിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച തഴവ ഗവ.ആർട്സ് & സയൻസ് കോളേജിനു വേണ്ടി നോട്ടിഫൈ ചെയ്ത കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ ഗ്രാമ പഞ്ചായത്തിലെ പാവുമ്പ പ്രദേശത്ത് അംബേദ്കർ കോളനിക്ക് സമീപമുള്ള 5 ഏക്കർ സ്ഥലം കോളേജിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുയോജ്യമല്ലാത്തതിനാലും, ഉടമസ്ഥരിലൊരാൾ |

| | |
|---|---|
| | റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനാലും ഭൂമി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ, പുതിയ വസ്തു കണ്ടെത്തുന്നതിന് റീ നോട്ടിഫിക്കേഷനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**